**"ഭരണഭാഷ മാതൃഭാഷ"**

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി
വികാസ്ഭവൻ, തിരുവനന്തപുരം.

വിഷയം:- ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സെർവന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 31-01-1978 ലെ GO(P) No. 78/78/GAD നമ്പർ സർക്കാർ ഉത്തരവ്.
2) 20-02-2009 ലെ GO(P) No. 9/2009/Plg നമ്പർ സർക്കാർ ഉത്തരവ്.
3) 05-09-2012 ലെ GO(MS) No.487/2012/Fin നമ്പർ സർക്കാർ ഉത്തരവ്
4) ഈ ആഫീസിലെ 01-03-2016 ലെ ഇഎ(1)2016/2016/ഡിഇഎസ് നമ്പർ ഉത്തരവ്
5) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 02-03-2016 ലെ ഇ(2)/476/2016/ഡിഇകെ നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇഎ(3) 14/2014/ഡിഇഎസ് തീയതി: 02-03-2016**

കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ (ഇക്കണോമിക്സ്) /ബി.എസ്.സി (മാത്സ് / സ്റ്റാറ്റിസ്റ്റിക്സ്)/ ബി.കോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബി.കോം വിത്ത് ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ്) യോഗ്യത ഉള്ളവരും മൂന്ന് വർഷസേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആഫീസ് അറ്റൻഡന്റുമാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നം.47, കൊട്ടാരക്കര താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീമതി.ദീപ.കെ-യ്ക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ കൊല്ലം ജില്ലയിൽ നിയമനം നൽകണമെന്ന് ശ്രീമതി.ദീപ.കെ അപേക്ഷിച്ചിട്ടുണ്ട്. തസ്തികമാറ്റനിയമനം വഴിയുള്ള ഉദ്യോഗക്കയറ്റത്തിനായി കൊല്ലം ജില്ലയിൽ നിലവിൽ ഒഴിവ് ഇല്ല എന്ന് കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.ദീപ.കെയെ 22200-48000/- രൂപ പരിഷ്കരിച്ച ശമ്പളസ്കെയിലിൽ തസ്തികമാറ്റനിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗക്കയറ്റം നൽകി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

1604178